# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2841 — 13.03.2020 -ൽ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, കെ.എൻ.എ ഖാദർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് നിലവിലുണ്ടോ; ഇത്തരത്തിൽ വില്ലേജ് ഓഫീസ് ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് ഇടമലക്കുടി ഗ്രാമപഞ്ചായത്തിലൊഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇടമലക്കുടി വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും ഭൗതീക സാഹചര്യങ്ങൾ തയ്യാറാകാത്തതിനാൽ ഇടമലക്കുടിയിൽ വില്ലേജ് ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ ഏതെങ്കിലും വില്ലേജ് ഓഫീസുകൾക്ക് ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ അധികാര പരിധി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉണ്ട്. മലപ്പുറം ജില്ലയിൽ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ പരിധിയിലുൾപ്പെടുന്ന വില്ലേജ് ഓഫീസുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വില്ലേജ് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | അമരമ്പലം | അമരമ്പലം, കരുളായി |
| 2 | ചുങ്കത്തറ | ചുങ്കത്തറ, മൂത്തേടം |
| 3 | കാളികാവ് | കാളികാവ്, ചോക്കാട് |
| 4 | കുറുമ്പലങ്ങോട് | പോത്തുകല്ല്, ചുങ്കത്തറ, ചാലിയാർ |
| 5 | മൂത്തേടം | മൂത്തേടം, ചുങ്കത്തറ |
| 6 | പുള്ളിപ്പാടം | മമ്പാട്, ചാലിയാർ |
| 7 | വെള്ളയൂർ | കാളികാവ്, ചോക്കാട് |
| 8 | വണ്ടൂർ | വണ്ടൂർ, മമ്പാട് |
| 9 | മുതവല്ലൂർ | ചീക്കോട്, മുതുവല്ലൂർ |
| 10 | വാഴയൂർ | വാഴയൂർ, ചെറുകാവ് |
| 11 | കൊഡൂർ | കോഡൂർ, കുറവ |

(സി) ഭരണപരമായ സൗകര്യം, പിന്നാക്കാവസ്ഥ, വികസന സാധ്യത, യാത്രാസൗകര്യം എന്നിവ പരിഗണിച്ച് ഈ ജില്ലയിൽ എല്ലാ പഞ്ചായത്തുകൾക്കും ഓരോ വില്ലേജ് ഓഫീസ് എന്നത് നടപ്പിലാക്കുമോ?

(സി) ഭൂപ്രകൃതികൾക്കനുസരിച്ചും പ്രകൃതിദത്ത അതിരുകൾ (ഉദാ: പുഴ, തോട് തുടങ്ങിയവ) പ്രധാന റോഡുകൾ എന്നിവകളെ അടിസ്ഥാനപ്പെടുത്തിയും പൊതുജനങ്ങൾക്കും ഭരണപരമായുള്ള സൗകര്യങ്ങളുംകൂടി കണക്കിലെടുത്താണ് വില്ലേജതിർത്തികൾ നിശ്ചയിച്ചിട്ടുള്ളത്. ധാരാളം വില്ലേജുകൾ രണ്ടിലധികം പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ ഉൾപ്പെട്ടു വരുന്നു. ഈ സാഹചര്യത്തിൽ ഓരോ വില്ലേജുകളേയും ഓരൊ പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ കൊണ്ടു വരുക എന്നത് വളരെ ശ്രമകരവും സങ്കീർണ്ണവുമാണ്.

**സെക്ഷൻ ഓഫീസർ**